No.CEE/2900/07/TAI

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം**

# പത്രക്കുറിപ്പ്

## 2008ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള അവസാന അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

സർക്കാർ മെഡിക്കൽ-ഡെന്റൽ കോളേജുകൾ, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളായ കൊച്ചി കോ-ഓപ്പറേറ്റിവ് മെഡിക്കൽ കോളേജ്, അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കണ്ണൂർ, പരിയാരം ഡെന്റൽ കോളേജ്, 17 സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ എന്നിവിടങ്ങളിൽ ഒഴിവുണ്ടായിരുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്കുള്ള അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ **'www.cee.kerala.gov.in/capresult2008'** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

എം.ബി.ബി.എസ്/ബി.ഡി.എസ് അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ്/ഡെപ്പോസിറ്റ് സെപ്റ്റംബർ 29, 30 തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ അടയ്ക്കേണ്ടതും സെപ്റ്റംബർ 29, 30 തീയതികളിൽ തന്നെ നിശ്ചിത കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതുമാണ്.

എല്ലാ കോളേജ് അധികാരികളും 28.09.2008നു രാവിലെ തന്നെ '**www.cee.kerala.gov.in/capcollege2008** എന്ന വെബ് സൈറ്റിൽ നിന്നും റ്റി.സി നൽകേണ്ടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ഡൗൺലോഡ് ചെയ്യേണ്ടതാണ്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ട അവസാനദിവസം 30.09.2008 ആയതിനാൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികളും 29, 30 തീയതികളിൽ തന്നെ കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

വിവിധ സർക്കാർ, സ്വാശ്രയ കോളേജുകളിൽ നിന്നും റീ-അലോട്ടുമെന്റ് മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് അധികാരികൾ റ്റി.സിയും ഒറിജിനൽ സർട്ടിഫിക്കറ്റ്, ഡെപ്പോസിറ്റ് എന്നിവയും യഥാസമയം നൽകേണ്ട താണ്. പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഇപ്രകാരം റീ-അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല.

തിരുവനന്തപുരം
27.09.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**